**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 971** **29-08-2022 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പ് വിട്ടുനൽകിയ പാലക്കാട് ജില്ലയിലെ സ്ഥലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോടതിയിൽ വനം വകുപ്പുമായി ബന്ധപ്പെട്ട് കുടിയേറ്റ കർഷകർ അല്ലെങ്കിൽ കയ്യേറ്റ ഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ നടത്തി വന്നിരുന്ന കക്ഷികൾ(വ്യക്തി/ സ്ഥാപനം) അവരുടെ സ്ഥലത്തിന് പകരമായി പാലക്കാട് ജില്ലയിൽ മറ്റേതെങ്കിലും സ്ഥലം വനം വകുപ്പിന് വാങ്ങി നൽകിയിട്ടുണ്ടോ; | (എ) | പാലക്കാട് വനം ഡിവിഷനുകീഴിലെ ഒലവക്കോട് റേഞ്ചിന്റെ പരിധിയിൽ വരുന്ന കേരളശ്ശേരി പൊറ്റയിൽക്കാട് മലവാരത്തിലെ 28.50 ഏക്കർ അവകാശപ്പെട്ട് സ്വകാര്യ വ്യക്തികൾ ഒ.എ 1178/74 നമ്പർ കേസ് ഫയൽ ചെയ്യുകയും ആയത് ഫോറസ്റ്റ് ട്രിബ്യൂണൽ 09.02.1978-ൽ അനുവദിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. ആയതിനെതിരെ സർക്കാർ ഐ.എ 371/85 ഫയൽ ചെയ്യുകയും സർക്കാരിന് അനുകൂലമായി ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. മേൽ വിധിക്കെതിരെ സ്വകാര്യ വ്യക്തികൾ ഫയൽ ചെയ്ത അപ്പീൽ തള്ളിക്കൊണ്ട് 25.02.2000-ൽ ബഹു.ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ടി ഭൂമിയിൽ ഉൾപ്പെട്ട 1.13 ഹെക്ടർ സ്ഥലം 01.01.1977-ന് മുൻപ് തന്നെ ഉടമസ്ഥനിൽ നിന്നും സി.എൻ.ഇ.സി ട്രസ്റ്റ് കൈവശം വാങ്ങുകയും ട്രസ്റ്റിന്റെ ആവശ്യങ്ങൾക്ക് അനുസൃതമായ വികസന പ്രവൃത്തികൾ നടത്തുകയും ചെയ്തിരുന്നു. സി.എൻ.ഇ.സി ട്രസ്റ്റ് മേൽ സ്ഥലത്ത് 1980-ലെ വനസംരക്ഷണ നിയമം നിലവിൽ വരുന്നതിനു മുൻപ് തന്നെ വികസന പ്രവൃത്തികൾ നടത്തിയിട്ടുള്ളതിനാൽ, ഫോറസ്റ്റ് കൺസർവേഷൻ റൂൾസ് 2003 പ്രകാരം ടി സ്ഥലം വനേതര പ്രവർത്തനങ്ങൾക്കായി വിട്ടുനല്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിക്കുകയും, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 18.06.2014-ലെ F-No.4/KLB906/2012-BAN-5494 പ്രകാരം ടി 1.13 ഹെക്ടർ സ്ഥലം കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ നിബന്ധനകൾക്ക് വിധേയമായി 20 വർഷത്തേക്ക് പാട്ട വ്യവസ്ഥയിൽ വനേതര പ്രവർത്തനങ്ങൾ അനുവദിച്ച് നടത്തുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മേൽ 1.13 ഹെക്ടറിനു പകരമായി ടി സ്ഥാപനം ഷോളയൂർ വില്ലേജിൽ 1619/2 സർവ്വേ നമ്പറിൽ വരുന്ന 1.13 ഹെക്ടർ |

| | | | |
|---|---|---|---|
| | | | സ്ഥലം വനം വകുപ്പിന്റെ പേരിൽ പരിഹാരവനവത്കരണ പ്രവർത്തനങ്ങൾക്കായി രജിസ്റ്റർ ചെയ്ത് ലഭിച്ചിട്ടുണ്ട്. |
| (ബി) | അത്തരത്തിൽ സ്ഥലം വാങ്ങി നൽകിയാൽ കക്ഷികൾക്ക് അവരുടെ കൈവശമുള്ള സ്ഥലം വിട്ടുകൊടുക്കുവാൻ നിയമം ഉണ്ടോ; | (ബി) | കയ്യേറിയ വനഭൂമിക്ക് പകരം സ്ഥലം നൽകിയാൽ കക്ഷികൾക്ക് അവരുടെ കൈവശമുള്ള സ്ഥലം വിട്ടുകൊടുക്കുവാൻ നിലവിൽ നിയമമില്ല .എന്നാൽ 1977-ന് മുമ്പ് കൈവശമിരുന്ന വനഭൂമി ക്രമീകരിക്കുന്നതിന് വേണ്ട നടപടികൾ കേരള ഭൂപതിവ് നിയമം 1960-ലെ 7-ാം ഖണ്ഡിക പ്രകാരം നിലവിൽവന്ന The Kerala Land Assignment (Regularisation of occupation of Forest Lands prior to 01.01.1977) Special Rules, 1993-ൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (സി) | പകരം സ്ഥലം വാങ്ങി ഇത്തരത്തിൽ വിട്ടുനൽകിയ പാലക്കാട് ജില്ലയിലെ സ്ഥലങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | പാലക്കാട് വനം ഡിവിഷനുകീഴിലെ ഒലവക്കോട് റേഞ്ചിന്റെ പരിധിയിൽ വരുന്നതും 1977-ന് മുമ്പ് സ്വകാര്യ വ്യക്തികൾ കൈവശം വെച്ചിരുന്നതുമായ കേരളശ്ശേരി പൊറ്റയിൽക്കാട് മലവാരത്തിലെ 1.13 ഹെക്ടർ സ്ഥലം സി.എൻ.ഇ.സി ട്രസ്റ്റ് എന്ന സ്ഥാപനം ഫോറസ്റ്റ് കൺസർവഷൻ ആക്ട് 1980, ഫോറസ്റ്റ് കൺസർവഷൻ റൂൾസ് 2003 എന്നിവ പ്രകാരം വനേതര പ്രവർത്തനങ്ങൾക്കായി വിട്ടുനല്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിക്കുകയും ആയതിനുള്ള പൂർവ്വാനുമതി കേന്ദ്രസർക്കാറിൽ നിന്നും ലഭ്യമായ മുറയ്ക്ക് ടി വനഭൂമിയ്ക്ക് പകരമായി പരിഹാരവനവത്കരണത്തിന് ഷോളയൂർ വില്ലേജിൽ 1619/2 സർവ്വേ നമ്പറിൽ വരുന്ന 1.13 ഹെക്ടർ സ്ഥലം വനം വകുപ്പിന്റെ പേരിൽ രജിസ്റ്റർ ചെയ്തു നൽകിയതിന്റെ അടിസ്ഥാനത്തിൽ, പാലക്കാട് വനം ഡിവിഷനുകീഴിലെ ഒലവക്കോട് റേഞ്ചിന്റെ പരിധിയിൽ വരുന്ന കേരളശ്ശേരി പൊറ്റയിൽക്കാട് മലവാരത്തിലെ 1.13 ഹെക്ടർ സ്ഥലം സി.എൻ.ഇ.സി ട്രസ്റ്റ് എന്ന സ്ഥാപനത്തിന് പാട്ട വ്യവസ്ഥയിൽ 20 വർഷക്കാലത്തേയ്ക്ക് വനേതര പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുവദിക്കുകയുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ